**Week -4**

# Worship Like Abel




**ഹാബേലിന്റെആരാധന**

**-(ഉല്പ :4:4-7)**



ഒരു ഗ്രാമത്തിലെ പള്ളിയിലെശുശ്രൂഷഏറ്റെടുക്കുവാൻ വന്ന കർത്തൃദാസൻ വിശ്വാസികളുടെ ഭവനങ്ങൾ സന്ദർശിക്കുന്ന കൂട്ടത്തിൽ പ്രായമുള്ളഒരുസഹോദരന്റെ ഭവനത്തിലെത്തി. ആ സമയത്ത്ഗൃഹനാഥൻ പുറത്തെവിടെയോ പോയിരിക്കുകയായിരുന്നു. മടങ്ങി വന്ന ഭർത്താവിനോട് കർത്തൃദാസൻ വന്ന വിവരംഅറിയിച്ചപ്പോൾഅദ്ദേഹംഎന്തുപറഞ്ഞുഎന്ന് ഭാര്യയോട്ചോദിച്ചു. യേശു ഈ വീട്ടിലുണ്ടോ ? എന്നുചോദിച്ചുമറുപടി എനിക്കറിയുവാൻ പാടില്ലാതിരുന്നതിനാൽഞാനൊന്നുംമറുപടി പറഞ്ഞില്ല എന്ന്അവർ പറഞ്ഞു. ഇതു കേട്ട്കോപിതനായ ഭർത്താവ് നമ്മളാണ് ഏറ്റവുംകൂടുതൽ പണംസഭയ്ക്ക് നൽകുന്നത്, ഞാനാണ്ഏറ്റവും പ്രായമുള്ള ആൾ എന്ന്എന്താണ് നീ പറയാഞ്ഞത് എന്ന്ചോദിച്ചു.

പ്രീയരേ ! വലിയവൻ എന്ന ചിന്തയിലുള്ളസമർപ്പണമല്ലകർത്താവിനു വേണ്ടത്. ഹാബേലിന്റെയാഗമാണ്ദൈവം ആഗ്രഹിക്കുന്നത്. ഭൂമിയിലെആദ്യവഴിപാട് (Offering) കായീന്റെയും, ഹാബേലിന്റെയുംആയിരുന്നു. ദൈവംഹാബേലിലുംഅവന്റെവഴിപാടിലും മാത്രമേപ്രസാദിച്ചുള്ളൂ. എബ്രാ(11:4) ൽ നിന്നുംചിലകാരണങ്ങൾ മനസ്സിലാക്കാം.

(1)ദൈവത്തോടുള്ള പരിപൂർണ്ണ വിശ്വാസത്തോടെയുള്ളസമർപ്പണമായിരുന്നുഹാബേലിന്റേത്.

(2) ഏറ്റവും ഉത്തമമായതിനെ ദൈവത്തിനു നൽകി.

(3) നീതിമാൻ എന്ന്ദൈവം അവനെപ്പറ്റിസാക്ഷ്യപ്പെടുത്തി.

(4) കൂടാതെഹാബേൽ നന്മ ചെയ്തവനായിരുന്നുഎന്ന്ഉല്പ (4:7) ൽ നിന്നും മനസ്സിലാക്കാം.

അവിശ്വാസിയായിതിന്മയാൽജീവിച്ച കായീനിലുംഅവന്റെവഴിപാടിലുംദൈവം പ്രസാദിച്ചില്ല. ജീവനുള്ളയാഗമാണ്ദൈവംആഗ്രഹിക്കുന്നത്. ഹാബേൽ ആട്ടിൻകൂട്ടത്തിലെകടിഞ്ഞൂലുകളിൽ നിന്ന്ഏറ്റവും നല്ലതിനെയാണ് നല്ല ഇടയനായകർത്താവിനു നൽകിയത്.

മതപരമായഒരു കർമ്മമാണ് ആരാധനയിലെസമർപ്പണം. സമർപ്പിക്കുന്ന വസ്തുസമർപ്പകന്റെസ്വന്തമായിരിക്കണം, വിലയുള്ളതുമായിരിക്കേണം. ഇനി ആരാധനയിൽ നിങ്ങൾവ്യർത്ഥമായുള്ളകാഴ്ചകൾ കൊണ്ടുവരരുത്എന്ന്വ്യക്തമായിവചനത്തിൽ പറയുന്നുണ്ട്. പശ്ചാത്താപത്തോടെ , വിശുദ്ധിയോടെ സമർപ്പിക്കുന്ന നമ്മെയാണ് കർത്താവ് ആഗ്രഹിക്കുന്നത്. ഇപ്രകാരം നമ്മെ കൊടുക്കുവാൻ നാം തയ്യാറാകുമോ ? നാം ദൈവത്തിനു കൊടുക്കുന്നവരും , ദൈവത്തിൽ നിന്ന്വാങ്ങുന്നവരുമത്രെ. വാങ്ങുന്നത് അഥവാ നമുക്ക്ലഭിക്കുന്നത് കൊടുക്കുന്നതിനെ ആശ്രയിച്ചിരിക്കും. ആത്മാർത്ഥവും , അനുസരിക്കുന്നതുമായവിശ്വാസംഇല്ലാത്തതിനാലും , അവന്റെ പ്രവർത്തി പാപമുള്ളതാകയാലുംകായീന്റെവഴിപാട് നിരസിക്കപ്പെട്ടതുപോലെ നമ്മുടെ പ്രാർത്ഥനയുംആരാധനയും നിരസിക്കുവാൻ ഇടയാകുമോ? ദൈവംതരുന്ന സകലതിനും നന്ദിയോടെ നമുക്ക്സ്തോത്രംചെയ്യാം.

അത്യുച്ഛനാദമുള്ളകൈത്താളങ്ങളോടെ ,തപ്പിനോട് , നൃത്തത്തോടെജീവനുള്ളവരായി നമുക്ക്യഹോവയെസ്തുതിക്കാം. അപ്പോൾ നമ്മുടെ ആരാധന സ്വീകരിക്കും.അതിന് ദൈവംസഹായിക്കട്ടെ.

Praise the Lord

## പ്രാർത്ഥന

സ്നേഹവാനായ പിതാവേ ! യഹോവെക്ക് പുതിയൊരു പാട്ടും , ഭക്തൻമാരുടെ സഭയിൽഅവന്റെസ്തുതിയും പാടുവാൻ ഞങ്ങൾക്ക്കൃപ തന്നതിനായിസ്തോത്രം. നന്മ പ്രവർത്തിക്കുന്നവരായി , സ്തുതികളിൻമേൽ വസിക്കുന്നവനെ ഉണർവ്വോടെആരാധിപ്പാൻ സഹായിക്കേണമേ. യേശുവിൻ നാമത്തിൽതന്നെ ,

ആമേൻ.

*Santhamma Varghese*